## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 979

25-01-2018 ലെ മറുപടി

## ജലവിഭവ വകുപ്പിന്റെ നിലമ്പൂർ മണ്ഡലത്തിലെ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.വി. അൻവർ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ജലവിഭവ വകുപ്പിന്റെ കീഴിൽ, നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | **ജലസേചന വകുപ്പ്**<br>നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഭരണാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.<br>1. ചുങ്കത്തറ പഞ്ചായത്തിലെ ആറംപുളിക്കലിൽ പുന്നപ്പുഴയ്ക്ക് കുറുകെ ചെക്ക്ഡാം കം ബ്രിഡ്ജ് നിർമ്മാണം - പ്രവൃത്തി ആരംഭിച്ചു.<br>2. പോത്തുകല്ല് പഞ്ചായത്തിൽ തമ്പുരാട്ടിക്കല്ല് മുറംതൂക്കിയിൽ നീർപ്പുഴയ്ക്ക് കുറുകെ വിസിബി കം ബ്രിഡ്ജ് നിർമ്മാണം - പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുള്ള സത്വര നടപടികൾ നടന്നുവരുന്നു.<br>3. ചുങ്കത്തറ പഞ്ചായത്തിലെ ഇഴുകതോടിൽ മാതാ ചെക്ക്ഡാമിന്റെ മേൽഭാഗത്തും താഴ്ഭാഗത്തും സംരക്ഷണഭിത്തി കെട്ടുന്ന പ്രവൃത്തി - പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു<br>4. ചുങ്കത്തറ പഞ്ചായത്തിലെ കുമന്തോട് പോട്ടിയിൽ കുമന്തോടിന്റെ പാർശ്വഭിത്തി സംരക്ഷണം - പ്രവൃത്തിയുടെ ടെണ്ടർ നടപടി കഴിഞ്ഞു.<br>5. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ ഹരിതകേരളം പദ്ധതിയിൽ വീട്ടിക്കുത്ത് വലിയകുളം പ്രവൃത്തി ഫേസ് 1-പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുള്ള സത്വര നടപടികൾ നടന്നുവരുന്നു. |
| (ബി) | ഓരോ പദ്ധതിയും ഏതൊക്കെ ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ ചാലിയാർ പുഴയ്ക്ക് കുറുകെ കളത്തുംകടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം - ഐ.ഡി.ആർ.ബി ഡിസൈൻ ലഭിച്ച ഡി.പി.ആർ തയ്യാറാക്കി വരുന്നു.<br>കൂടാതെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു.<br>1. കരുളായി പഞ്ചായത്തിൽ പാലങ്കര പാലത്തിന് സമീപം ഒഴലക്കലിൽ കരിമ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - എഗ്രിമെന്റ് ഒപ്പുവച്ചു.<br>2. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ കുതിരപ്പുഴ പാലത്തിന്റെ മുകൾഭാഗത്ത് കുതിരപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - എഗ്രിമെന്റ് ഒപ്പുവച്ചു<br>3. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ രാമൻകുത്ത് റെയിൽവേ പാലത്തിന് സമീപം കുതിരപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി) പരിശോധിച്ചു വരുന്നു.<br>4. പോത്തുകല്ല് പഞ്ചായത്തിൽ ഭൂതാനത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - സർവ്വേ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചു.<br>5. പോത്തുകല്ല് പഞ്ചായത്തിൽ മുരേരിയിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - സർവ്വേ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | **കേരള ജല അതോറിറ്റി**<br>നിലമ്പൂർ നിയോജകമണ്ഡലത്തിൽ ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി നിർമ്മാണത്തിലാണ്. ടി പദ്ധതിയ്ക്ക് (SLSSC-2012) ൽ 1400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. കിണർ, പമ്പ് ഹൗസ് എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>ജലശുദ്ധീകരണശാലക്കാവശ്യമായ സ്ഥലം പഞ്ചായത്തുകൾ ലഭ്യമാക്കാത്തതിനാൽ പദ്ധതി മുടങ്ങിക്കിടക്കുകയാണ്. ബാക്കി ഘടകങ്ങളുടെ നിർമ്മാണം ഇതിന് ശേഷം മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.<br>കരുളായി മൂത്തേടം, അമരമ്പലം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. ടി പദ്ധതിയുടെ ശുദ്ധീകരണ-ശാലയും മറ്റു ഘടകങ്ങളും സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തി രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ